**"ഭരണഭാഷ-മാതൃഭാഷ"**

**DWCD/1641/2024-B1**

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 20-03-2025
ഇമെയിൽ : wcdbillsection@gmail.com
ഫോൺ : 0471 2346534

## സർക്കുലർ

വിഷയം: വനിതാ ശിശു വികസന വകുപ്പ് – 2025 മാർച്ച് മാസത്തിലെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുന്നത് - സംബന്ധിച്ച്

സൂചന: 19.03.2025 ലെ 22/2025/ Fin നമ്പർ സർക്കാർ സർക്കുലർ

2024-25 സാമ്പത്തിക വർഷം അവസാന ദിവസങ്ങളിൽ ട്രഷറി തിരക്കുകൾ കുറയ്ക്കുന്നതിന് സൂചന സർക്കാർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

(1) ഈ വകുപ്പിന് കീഴിലുള്ള എല്ലാ കീഴ്കാര്യാലയ മേധാവികളും DDO മാരും സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും നടപ്പ് സാമ്പത്തിക വർഷത്തിൽ BiMS മുഖേന അനുവദിക്കേണ്ട തുകയുടെ ബില്ലുകൾ അലോട്ട്മെന്റ് സഹിതം **25.03.2025** ന് വൈകിട്ട് 5 മണിക്ക് മുൻപായി ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്

(2) യഥാ സമയം ബില്ലുകൾ സമർപ്പിക്കാതെ തുക ലാപ്സ് ആക്കുന്ന കീഴ് കാര്യാലയ മേധാവികൾക്കെതിരെ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും

(3) ഡയറക്ടറേറ്റിലെ ഭരണ നിർവഹണ സെക്ഷനുകൾ സർക്കാർ സമയക്രമം പാലിക്കുവാൻ കഴിയുന്ന തരത്തിൽ ജില്ലകൾക്കുള്ള അനുമതി ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതും അലോട്ട്മെന്റ് അനുവദിക്കേണ്ടതുമാണ്.

(4) ഡയറക്ടറേറ്റിലെ ഭരണ നിർവഹണ സെക്ഷനുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ BiMS മുഖേന അനുവദിക്കേണ്ട തുകയുടെ അനുമതി ഉത്തരവുകൾ അനുബന്ധ ബില്ലുകളും രേഖകളും സഹിതം **24.03.2025 ന് 3.00** ന് മുൻപായി ബിൽ സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ഉത്തരവുകൾ ബിൽ സെക്ഷനിൽ ലഭ്യമാക്കാത്ത കാരണത്താൽ ബില്ലുകൾ മാറാൻ സാധിക്കാതെ വന്നാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്ഷനുകൾക്ക് മാത്രമായിരിക്കും

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

Senior Administrative Office.
Directorate of Women and
Child Development Department
Thiruvananthapuram. Pin-695012

1. എല്ലാ കീഴ്ഓഫീസ്യാലയ മേധാവികൾക്കും
2. ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
3. എല്ലാ സെക്ഷൻ മേധാവികൾക്കും
4. സ്റ്റേറ്റ് കോ ഓർഡിനേറ്റർ, നിർഭയ
5. പ്രോഗ്രാം മാനേജർ, ഐ.സി.പി.എസ്.

പകർപ്പ് -

1. ഡയറക്ടറുടെ സി.എ/അഡീഷണൽ ഡയറക്ടറുടെ സി.എ
2. സൂപ്രണ്ട് IT
3. സ്റ്റോക്ക് ഫയൽ/സ്പെയർ